**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1671** — **08.06.2018 - ൽ മറുപടിയ്ക്ക്**

**നീര ഉല്പാദനത്തിലെ പ്രതിസന്ധി**

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ നാളികേര കർഷകർക്ക് വളരെയേറെ ഗുണം ചെയ്യുമെന്ന് പ്രതീക്ഷിച്ചിരുന്ന നീര ഉല്പാദനം കടുത്ത പ്രതിസന്ധിയിലായത് കർഷകരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) ഉണ്ട്. ടെക്നീഷ്യൻമാരുടെ അഭാവവും കേരളത്തിൽ വിവിധ കമ്പനികൾ ഉല്പാദിപ്പിക്കുന്ന നീരക്ക് വ്യത്യസ്ത രുചി ആയതുകൊണ്ട് മാർക്കറ്റിംഗിന് ബുദ്ധിമുട്ടും, നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യയും ഘടനയും ഒരുപോലെയല്ലാത്തതുകൊണ്ടും, പൊതുവായ ലേബലും ബ്രാൻഡ് നേയിമും ഇല്ലാത്തതുകൊണ്ടുമാണ് നീര ഉല്പാദനം പ്രതിസന്ധിയിലായിട്ടുള്ളത്. |
| ബി) പ്രതിസന്ധി നേരിടുന്ന നീര വ്യവസായത്തെ രക്ഷപ്പെടുത്തുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തുന്നത്; | ബി) നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉല്പാദന കമ്പനി പ്രതിനിധികളുടേയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളീകേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്- കൺസോർഷ്യം (SFAC), KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15.05.2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണ നിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ധസമിതി സമർപ്പിച്ച Standardisation Report കൃഷി മന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരം കൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്. |
| സി) മറ്റ് സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന നീര കമ്പോളത്തിൽ ഇറങ്ങുന്നത് നമ്മുടെ വ്യവസായത്തെ എത്ര മാത്രം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കുറഞ്ഞ കൂലി ചെലവ് മാത്രമുള്ള തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളുമായി മത്സരിക്കുന്നതിന് ഉതകുന്ന വിധത്തിൽ സംസ്ഥാനത്തെ നീര കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുമോ? | സി) പരിശോധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**